# വാർത്താക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ



TELEPHONE: **0471-2328158**
MOBILE : **8281000127**

**www.sec.kerala.gov.in**

Email:
**pro2025sec@gmail.com**
**cru.sec@kerala.gov.in**
**electionker@gmail.com**


**24 August 2026**

## ഉപ തിരഞ്ഞെടുപ്പ്: അന്തിമ പട്ടികയിൽ 309713 വോട്ടർമാർ

### 1148 പേരെ ഒഴിവാക്കി

സംസ്ഥാനത്തെ 38 തദ്ദേശ ഭരണ വാർഡുകളിലെ ഉപ തിരഞ്ഞെടുപ്പിന് പുതുക്കിയ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥൻ അറിയിച്ചു. 309713 വോട്ടർമാരുള്ള അന്തിമ പട്ടികയിൽ 164241 സ്ത്രീകളും 145468 പുരുഷന്മാരും 4 ട്രാൻസ്ജെൻഡറുകളുമാണുള്ളത്. ജൂലൈ 21ന് പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ നിന്നും അനർഹരായ 1148 വോട്ടർമാരെ ഒഴിവാക്കിയും പുതുതായി പേര് ചേർത്ത 3897 പേരെ ഉൾപ്പെടുത്തിയുമാണ് അന്തിമ പട്ടിക തയ്യാറാക്കിയത്. പുതുതായി പേര് ചേർത്തവരിൽ 2139 സ്ത്രീകളും 1758 പുരുഷന്മാരുമുണ്ട്.

കൊല്ലം, ആലപ്പുഴ ഒഴികെ 12 ജില്ലകളിലെ രണ്ട് കോർപ്പറേഷൻ വാർഡുകൾ (എറണാകുളം, കോഴിക്കോട്) മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ (തൃശ്ശൂർ, പാലക്കാട്, കണ്ണൂർ) മൂന്ന് ജില്ലാ പഞ്ചായത്ത് വാർഡുകൾ (തിരുവനന്തപുരം, കോട്ടയം, പാലക്കാട്), ഏഴ് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, 23 ഗ്രാമ പഞ്ചായത്ത് വാർഡുകൾ എന്നിവയിലെ വോട്ടർ പട്ടികയാണ് പുതുക്കിയത്. 2026 ജനുവരി ഒന്ന് യോഗ്യത തീയതി നിശ്ചയിച്ചാണ് പട്ടിക തയ്യാറാക്കിയത്. കരട് പട്ടികയിലെ 306964 വോട്ടർമാരിൽ 162672 സ്ത്രീകളും 144288 പുരുഷന്മാരും 4 ട്രാൻസ്ജെൻഡർ വിഭാഗക്കാരും ഉണ്ടായിരുന്നു.

ജില്ല തിരിച്ചുള്ള വോട്ടർമാരുടെ വിവരം ചുവടെ:

**BE1-2026 Final Roll Statitics**

| District | Draft | | | | Additions | | | Deletion | | | Final Roll | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Male | Female | TG | Total | Male | Female | TG | Male | Female | TG | Male | Female | TG | Total |
| THIRUVANANTHAPURAM | 41093 | 49060 | 0 | 90153 | 372 | 431 | 0 | 162 | 136 | 0 | 41303 | 49355 | 0 | 90658 |
| PATHANAMTHITTA | 1930 | 2135 | 0 | 4065 | 49 | 55 | 0 | 19 | 8 | 0 | 1960 | 2182 | 0 | 4142 |
| KOTTAYAM | 31051 | 34719 | 3 | 65773 | 295 | 381 | 0 | 29 | 45 | 0 | 31317 | 35055 | 3 | 66375 |
| IDUKKI | 339 | 366 | 0 | 705 | 6 | 5 | 0 | 2 | 2 | 0 | 343 | 369 | 0 | 712 |
| ERNAKULAM | 4687 | 5233 | 0 | 9920 | 102 | 100 | 0 | 61 | 58 | 0 | 4728 | 5275 | 0 | 10003 |
| THRISSUR | 8701 | 9856 | 0 | 18557 | 273 | 337 | 0 | 74 | 86 | 0 | 8900 | 10107 | 0 | 19007 |
| PALAKKAD | 42955 | 46985 | 1 | 89941 | 350 | 445 | 0 | 155 | 176 | 0 | 43150 | 47254 | 1 | 90405 |
| MALAPPURAM | 2852 | 3076 | 0 | 5928 | 103 | 145 | 0 | 20 | 5 | 0 | 2935 | 3216 | 0 | 6151 |
| KOZHIKODE | 4824 | 4731 | 0 | 9555 | 81 | 88 | 0 | 10 | 2 | 0 | 4895 | 4817 | 0 | 9712 |
| WAYANAD | 4142 | 4594 | 0 | 8736 | 31 | 41 | 0 | 0 | 0 | 0 | 4173 | 4635 | 0 | 8808 |
| KANNUR | 1161 | 1324 | 0 | 2485 | 85 | 97 | 0 | 20 | 20 | 0 | 1226 | 1401 | 0 | 2627 |
| KASARGOD | 553 | 593 | 0 | 1146 | 11 | 14 | 0 | 26 | 32 | 0 | 538 | 575 | 0 | 1113 |
| **Total** | **144288** | **162672** | **4** | **306964** | **1758** | **2139** | **0** | **578** | **570** | **0** | **145468** | **164241** | **4** | **309713** |

*(എസ്.ഇ.സി 9/2026)*